**"ഭരണഭാഷ - മാതൃഭാഷ "**

**എൻ.സി.സി. ഡയറക്ടറേറ്റ് (കേരളവും ലക്ഷദ്വീപും)**
**സംസ്ഥാന വിഭാഗം**

തിരുവനന്തപുരം - 695010

നമ്പർ . 1687/ഡി1 -എസ്റ്റാ/എൻ.സി.സി/2019 01. ഒക്ടോബർ 2019

## സർക്കുലർ

വിഷയം : എൻ.സി.സി. എസ്റ്റാ - ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്-2019-ലെ മലയാള ദിനാഘോഷവും ഭരണഭാഷാ-വാരാഘോഷവും - ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാള ദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതു സംബന്ധിച്ചു 18.03.2002 - ൽ സ.ഉ. (അച്ചടിച്ചത് ) നം.31/2002 ഉ.ഭ.പ.വ. പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാമാറ്റത്തിന് ഉതകുംവിധമുള്ള ചർച്ചകളും സെമിനാറുകളും മറ്റും സംസ്ഥാന-ജില്ലാ-താലൂക്ക്-പഞ്ചായത്തുതലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകികൊണ്ട് 02.05.2002-ാം തീയതി സർക്കാരുത്തരവ് (അച്ചടിച്ചത്) നം.20/2002 ഉ.ഭ.പ.വ. പുറപ്പെടുവിച്ചിട്ടുണ്ട് .ഈ ഉത്തരവിന്റെ പരിധിയിൽനിന്ന് ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ എന്നിവയും മറ്റുഭാഷകളും മാതൃഭാഷകളായിട്ടുള്ള ആളുകളെ ഒഴിവാക്കിക്കൊണ്ട് സർക്കാരുത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേല്പറഞ്ഞ ഉത്തരവുകളുടെ വെളിച്ചത്തിൽ കേരളത്തിന്റെ 63-ാം വാർഷികവേളയായ ഈ വർഷവും പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നവംബർ മാസത്തിലെ ആദ്യത്തെ പ്രവർത്തിദിവസം മലയാളദിനാഘോഷവും സംസ്ഥാനതത വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2019 നവംബർ 1-ാം തീയതി എൻ.സി.സി. വകുപ്പിനെ കീഴിലുള്ള എല്ലാ ഓഫീസുകളിലും ഓഫീസ് തലവന്റെ അധ്യക്ഷതയിൽ ഭരണഭാഷാസമ്മേളനം സംഘടിപ്പിക്കേണ്ടതും താഴെച്ചേർത്തിട്ടുള്ള ഭരണഭാഷാപ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

**<u>ഭരണഭാഷാപ്രതിജ്ഞ</u>**

*"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാളഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവ്വഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിനു എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും".*

ഭരണഭാഷാവാരാഘോഷക്കാലത്ത ഓഫീസുകളിൽ ആഘോഷം സംബന്ധിച്ച ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

**<u>ബാനറിന്റെ മാതൃക</u>**

| |
|---|
| **ഭരണഭാഷ - മാതൃഭാഷ**<br>**മലയാള ദിനാഘോഷം - 2019 നവംബർ 1**<br>**ഭരണഭാഷാവാരാഘോഷം - 2019 നവംബർ 1 മുതൽ 7 വരെ** |

വാരാഘോഷക്കാലത്ത ഈ വകുപ്പിലെ എല്ലാ ഓഫീസുകളിലും ഭാഷാപോഷണത്തിനും ഭരണഭാഷാമാറ്റത്തിനും ഉതകുന്ന പ്രഭാഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ, സത്സേവനരേഖയും, ഭരണഭാഷ സേവനപുരസ്കാരവും ഭരണഭാഷാഗ്രന്ഥരചനപുരസ്കാരവും ലഭിച്ചവർക്കുള്ള അനുമോദനം തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്. ഭാഷാമാറ്റപുരോഗതി കൈവരിക്കുന്നതിന് ഉതകുന്നതുമായ മറ്റുപരിപാടികളും നടപ്പിലാക്കാവുന്നതാണ്.

ഓഫീസുകളിൽ ഓരോ ദിവസവും ഭരണരംഗത്ത ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ് പദങ്ങളും സമാന മലയാളപദങ്ങളും എഴുതി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും സംബന്ധിച്ച് ഓഫീസുകളിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി വകുപ്പാസ്ഥാനത്തു നവംബർ 15 ന് മുൻപായി അയയ്ക്കേണ്ടതാണ്.

ഒപ്പ്/- xxx
(ബി.ജി. ഗിൽഗാഞ്ചി)
മേജർ ജനറൽ
അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി.

**<u>പകർപ്പ്</u>**
ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്
തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്
എല്ലാ യൂണിറ്റുകളും എസ്. എസ്. കമ്പനി എൻ.സി.സി.യും
} ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം

<u>അംഗീകാരത്തോടെ</u>

SREEJITH.R
PEN384880
Senior Superintendent
NCCDirectorate(K&L)